**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **30-06-2022 - ൽ മറുപടിയ്ക്ക്**

**വില്ലേരിത്താഴം-ഗ്രാമവനം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്രാമപഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകരയിലൂടെ കടന്നുപോകുന്ന വില്ലേരിത്താഴം-ഗ്രാമവനം റോഡിന്റെ ഭാഗം പുഴയിലെ കുത്തൊഴുക്കും ശക്തമായ കാലവർഷവും കാരണം ഇടിഞ്ഞുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടു**ണ്ട്. |
| (ബി) | ഈ ഭാഗം സംരക്ഷിക്കുന്നതിന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ W5/35816/21/A.S ആയി നൽകിയ 75 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മാവൂർ പഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകര ഇടിഞ്ഞ് പുഴയോട് ചേർന്നുള്ള വില്ലേരിത്താഴം-ഗ്രാമവനം റോഡിന്റെ പാർശ്വഭിത്തി തകർന്നത് കാരണം പ്രസ്തുത റോഡിലൂടെ വാഹന ഗതാഗതം സാധ്യമല്ലാതായതിന്റെ അടിസ്ഥാന ത്തിൽ, ഈ ഭാഗം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിക്കുള്ള 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2022-23 ബഡ്ജറ്റിൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. പ്രവൃത്തിയുടെ ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മാവൂർ പഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകര ഇടിഞ്ഞ് പുഴയോട് ചേർന്നുള്ള വില്ലേരിത്താഴം-ഗ്രാമവനം റോഡിന്റെ പാർശ്വഭിത്തി തകർന്നത് കാരണം പ്രസ്തുത റോഡിലൂടെ വാഹന ഗതാഗതം സാധ്യമല്ലാതായതിന്റെ അടിസ്ഥാന ത്തിൽ, ഈ ഭാഗം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിക്കുള്ള 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2022-23 ബഡ്ജറ്റിൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. പ്രവൃത്തിയുടെ ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ